പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.1266

08.02.2013 ൽ
മറുപടി നൽകേണ്ടിയിരുന്നത്

# കേരള നെൽവയൽ നീർത്തടസംരക്ഷണ നിയമം

ചോദ്യം
ശ്രീ.ഇ.പി.ജയരാജൻ :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

(എ) 2008 -ലെ കേരളാ നെൽവയൽ നീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള ഉദ്യോഗസ്ഥതല സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എ) 2008 -ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തിലും / മുനിസിപ്പാലി റ്റിയിലും അതത് കൃഷി ഓഫീസർ കൺവീനറായിട്ടുള്ള പ്രാദേശികതല നിരീക്ഷണ സമിതികളും ആർ.ഡി.ഒ. അദ്ധ്യക്ഷനും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറുമായിട്ടുള്ള ജില്ലാ തല അധികൃത സമിതികളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പൊതു ആവശ്യങ്ങൾക്കായി നെൽവയൽ പരിവർത്തനം ചെയ്യുവാനനുമതിയ്ക്കായി പ്രാദേശികതല സമിതികൾ ശുപാർശ ചെയ്യുന്ന അപേക്ഷകൾ വിശദ പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നൽകുന്നതിനായി കാർഷികോൽപാദന കമ്മീഷണർ കൺവീനറും ലാന്റ് റവന്യൂ കമ്മീഷണർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പരിസ്ഥിതി മേഖലയിലെ ഒരു വിദഗ്ധൻ, നെൽകൃഷി മേഖലയിലെ ഒരു ശാസ്ത്രജ്ഞൻ എന്നിവർ അംഗങ്ങളുമായി സംസ്ഥാനതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നിയമം കർശന മായി നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന റവന്യൂ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി സർക്കാർ നിയമിച്ചിട്ടുണ്ട്.
ലാന്റ് റവന്യൂ കമ്മീഷണർ, അഡീഷണൽ / ജോയിന്റ് / ഡെപ്യൂട്ടി ലാന്റ് റവന്യൂ

കമ്മീഷണർ, അസിസ്റ്റന്റ് ലാന്റ് റവന്യു കമ്മീഷണർ, ജില്ലാ കളക്ടർമാർ, ആർ.ഡി.ഒ. മാർ, വില്ലേജ് ഓഫീസർമാർ.

നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ടുള്ള ഏതൊരു പ്രവൃത്തിയും ആർ.ഡി.ഒ. മാർക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി ഉത്തരവാദിത്വമുള്ള റിപ്പോർട്ടിംഗ് ഓഫീസർമാരായി അതത് കൃഷി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) വില്ലേജ് തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലുമുള്ള പ്രസ്തുത ഉദ്യോഗസ്ഥതല സംവിധാനത്തിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകളെ മറികടന്നുകൊണ്ട് 2011 മെയ് 15-നു ശേഷം നാളിതുവരെ എത്ര ഹെക്ടർ നെൽവയൽ നികത്തുവാൻ അനുമതി നൽകിയെന്നും ഏത് സാഹചര്യത്തിലാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ?

(ബി) പത്തനം തിട്ട, കോഴിക്കോട് ഒഴികെയുള്ള ജില്ലകളിൽ പ്രസ്തുത ഉദ്യോഗസ്ഥതല സംവിധാനത്തിൽ നിന്നും ലഭ്യമായിട്ടുള്ള റിപ്പോർട്ടുകൾ മറികടന്ന് നെൽവയൽ നികത്തുവാനനുമതി നൽകിയിട്ടില്ല. പത്തനം തിട്ട ജില്ലയിൽ മറ്റൊരു സ്ഥലത്തും വസ്തുക്കളില്ലാത്ത ഒരു അപേക്ഷകന് കരയോട് ചേർന്ന് കിടക്കുന്നതാണെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ 5 സെന്റ് വയൽ നികത്തുവാനനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ജില്ലാതല അധികൃത സമിതിയുടെ ശുപാർശകൾ മറികടന്ന് 2011 മെയ് 15 ന് ശേഷം 37 അപേക്ഷകർക്കായി ആകെ 2,32 ഏക്കർ നെൽവയൽ വീട് വയ്ക്കുന്നതിന് തരം മാറ്റുവാൻ ജില്ലാ കളക്ടർ അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ